ടി.കെ ഉബൈദ്



സൂറ - 46

# അൽ അഹ്ഖാഫ്

## الأحقاف

### സൂക്തം 24-27

ജ്ഞാനേന്ദ്രിയങ്ങൾകൊണ്ടും ബുദ്ധികൊണ്ടും ജീവിതത്തിന്റെ ഭൗതികവശം മാത്രമേ അവർ കണ്ടുള്ളൂ; ആത്മീയാർഥങ്ങൾ കണ്ടില്ല. അതു കാണാനുള്ള വെളിച്ചം കിട്ടേണ്ടത് ദൈവവിചാരത്തിൽനിന്നും വേദ സൂക്തങ്ങളിൽനിന്നുമാകുന്നു. വേദസൂക്തങ്ങൾ നിഷേധിക്കുന്നവർ ആത്മീയ സത്യങ്ങളിലേക്ക് നയിക്കുന്ന വെളിച്ചം സ്വയം കെടുത്തുകയാണ്.

---

فَلَمَّا رَأَوْهُ عَارِضًا مُّسْتَقْبِلَ أَوْدِيَتِهِمْ قَالُوا۟ هَٰذَا عَارِضٌ مُّمْطِرُنَا ۚ بَلْ هُوَ مَا ٱسْتَعْجَلْتُم بِهِۦ ۖ
رِيحٌ فِيهَا عَذَابٌ أَلِيمٌ ﴿٢٤﴾ تُدَمِّرُ كُلَّ شَىْءٍۭ بِأَمْرِ رَبِّهَا فَأَصْبَحُوا۟ لَا يُرَىٰٓ إِلَّا مَسَٰكِنُهُمْ ۚ
كَذَٰلِكَ نَجْزِى ٱلْقَوْمَ ٱلْمُجْرِمِينَ ﴿٢٥﴾

*24*
*ദൈവശിക്ഷ അവരുടെ ദേശങ്ങൾക്കു നേരെ കാർമുകിലായി വന്നുകണ്ടപ്പോൾ അവർ ഘോഷിച്ചു: നമുക്ക് മഴ വർഷിക്കുന്ന കാർമുകിലിതാ. അല്ല, നിങ്ങൾ തിരക്കുകൂട്ടിക്കൊണ്ടിരുന്ന വിപത്താണത്; കൊടുങ്കാറ്റ്. നോവേറിയ ദുരിതമാണത് വർഷിക്കുക.*
*25*
*അതിന്റെ നാഥന്റെ ആജ്ഞാനുസാരം അത് സകല വസ്തുക്കളെയും തകർത്തു തരിപ്പണമാക്കുന്നു. അങ്ങനെ അവരുടെ പാർപ്പിടങ്ങളല്ലാതൊന്നും കാണപ്പെടാതായി. ഇവ്വിധമത്രെ കുറ്റവാളികളായ ജനത്തിന് നാം കർമഫലം നൽകുന്നത്.*

| | |
|---|---|
| അത് (ദൈവശിക്ഷ) അവർ കണ്ടപ്പോൾ | فَلَمَّا رَأَوْهُ |
| കാർമുകിലിനെ(ൽ ആയി വന്നു) | عَارِضًا |
| അവരുടെ ദേശങ്ങൾക്ക് (നേരെ) അഭിമുഖമായിട്ട് | مُّسْتَقْبِلَ أَوْدِيَتِهِمْ |
| അവർ ഘോഷിച്ചു | قَالُوا |
| കാർമുകിലിതാ | هَٰذَا عَارِضٌ |
| നമുക്ക് മഴവർഷിക്കുന്ന(ക്കാൻ) | مُّمْطِرُنَا |

| | |
|---|---|
| അല്ല | بَلْ |
| അത് | هُوَ |
| നിങ്ങൾ തിരക്കു കൂട്ടിയതെന്താണോ അതാണ് (തിരക്ക്കൂട്ടിക്കൊണ്ടിരുന്ന വിപത്താണത്) | مَا اسْتَعْجَلْتُم بِهِۦ |
| (കൊടും) കാറ്റ് | رِيحٌ |
| അതിൽ വേദനയേറിയ ശിക്ഷയുണ്ട് (നോവേറിയ ദുരിതമാണതു വർഷിക്കുക) | فِيهَا عَذَابٌ أَلِيمٌ |
| സകല വസ്തുക്കളെയും അതു തകർ(ത്തുതരിപ്പണമാ)ക്കുന്നു | تُدَمِّرُ كُلَّ شَيْءٍ |
| അതിന്റെ നാഥന്റെ ആജ്ഞാനുസാരം | بِأَمْرِ رَبِّهَا |
| അങ്ങനെ അവർ ആയി | فَأَصْبَحُوا |
| കാണപ്പെടുന്നില്ല(പ്പെടാതെ) | لَا يُرَىٰ |
| അവരുടെ പാർപ്പിടങ്ങൾ അല്ലാതെ (ഒന്നും) | إِلَّا مَسَاكِنُهُمْ |
| ഇവ്വിധമത്രെ | كَذَٰلِكَ |
| കുറ്റവാളികളായ ജനത്തിന് നാം കർമഫലം നൽകുന്നത് | نَجْزِي الْقَوْمَ الْمُجْرِمِينَ |

**സാമ്പത്തികവും സൈനികവും രാഷ്ട്രീയവും നാഗരികവുമായ ശക്തികൾ സജ്ജമാക്കുക. ഈ ഗുണങ്ങളെല്ലാം സമൃദ്ധമായിട്ടുള്ളവരായിരുന്നു ആദ് ജനത. ഈ ഗുണങ്ങളിൽ ദേശീയ പ്രഭാവം മാത്രമായിരുന്നു ഖുറൈശികൾക്കുണ്ടായിരുന്ന മികവ്.**

**فَلَمَّا رَأَوْهُ** വിലെ സർവനാമം - ہُ - സൂചിപ്പിക്കുന്നത് ആദ്ഗോത്രം വെല്ലുവിളിച്ചുകൊണ്ടിരുന്ന ദൈവശിക്ഷയാണ്. ആകാശത്തെ മറച്ചുകൊണ്ട് അന്തരീക്ഷത്തിൽ പ്രത്യക്ഷപ്പെടുന്ന കാർമേഘമാണ് **عارض**. മലഞ്ചരിവും മലകൾക്കിടയിലുള്ള സമതലവും **وَادي** ആണ്. **اودية** അതിന്റെ ബഹുവചനം. ആദ്ഗോത്രത്തിന്റെ ആവാസം ഒരു മലഞ്ചരിവോ പല മലകൾക്കിടയിലുള്ള സമതലമോ ആയിരുന്നിരിക്കാം. **ريح** കാറ്റാണ്. ഖുർആൻ **ريح** എന്ന് ഏക വചനത്തിൽ പറഞ്ഞിട്ടുള്ളത് അധികവും കൊടുങ്കാറ്റിനെയാണ്. സാധാരണ കാറ്റിനെ **رياح** എന്ന ബഹുവചനത്തിലാണ് പറയാറുള്ളത്. ഉദാ: 3:117, 7:57, 10:22, 15:22. തുടർന്ന് **فِيهَا عَذَابٌ أَلِيمٌ** എന്നും അടുത്ത സൂക്തത്തിൽ **تُدَمِّرُ كُلَّ شَيْءٍ** എന്നും പറഞ്ഞിട്ടുള്ളത്, ഇവിടെയും ഉദ്ദേശ്യം കൊടുങ്കാറ്റാണെന്ന് സൂചിപ്പിക്കുന്നു. 69: 6-7-ൽ ആദിന്റെ നശീകരണം ഇങ്ങനെ വർണിച്ചിരിക്കുന്നു:

**وَأَمَّا عَادٌ فَأُهْلِكُوا بِرِيحٍ صَرْصَرٍ عَاتِيَةٍ . سَخَّرَهَا عَلَيْهِمْ سَبْعَ لَيَالٍ وَثَمَانِيَةَ أَيَّامٍ حُسُومًا فَتَرَى الْقَوْمَ فِيهَا صَرْعَىٰ كَأَنَّهُمْ أَعْجَازُ نَخْلٍ خَاوِيَةٍ**

"ആദ്‌വർഗം രൂക്ഷമായി ചീറിയടിക്കുന്ന കൊടുങ്കാറ്റിനാൽ ഉന്മൂലനം ചെയ്യപ്പെട്ടു. ഏഴു രാവും എട്ടു പകലും ആ നാട്ടിൽ കൊടുങ്കാറ്റ് താണ്ഡവമാടി. പ്രവാചകൻ അന്നവിടെ ഉണ്ടായിരുന്നുവെങ്കിൽ ആ ജനം ദ്രവിച്ച ഈത്തപ്പനത്തടികളെന്നോണം വീണുകിടക്കുന്ന ബീഭത്സമായ കാഴ്ച കാണാമായിരുന്നു."

ആദ്‌വംശത്തിന്റെ നാഗരിക നിർമിതികളെയെല്ലാം ആ കാറ്റ് തകർത്ത് തരിപ്പണമാക്കി. അവർ വസിച്ച സ്ഥലമല്ലാതൊന്നും അവിടെ കാണപ്പെടാതായി. കെട്ടിടങ്ങളും മറ്റു സകല നിർമിതികളും തകർന്നുവീണ് മണ്ണിനടിയിലേക്ക് ആണ്ടുപോയി. ആ ഭൂതലം തലേന്നാൾ അവിടെ ഒന്നും ഉണ്ടായിരുന്നില്ലാത്തതുപോലെ -**كأن لم تغن بالأمس**- ശൂന്യമായിത്തീർന്നു.

തങ്ങളുടെ ദേശത്തിനു മുകളിൽ കരിമുകിലുകൾ അടിഞ്ഞുകൂടുന്നതു കണ്ടപ്പോൾ ആദ്യം ആദ്ജനത ഏറെ ആഹ്ലാദിച്ചു. നമുക്കിതാ നല്ല മഴപെയ്യുന്ന കാർമേഘങ്ങളെത്തിയിരിക്കുന്നു എന്ന് തുള്ളിച്ചാടി. അന്നവർ ജലക്ഷാമവും വരൾച്ചയും അനുഭവിച്ചു വരികയായിരുന്നുവെന്നാണിത് സൂചിപ്പിക്കുന്നത്. വിനാശത്തിനു മുമ്പ് ആദ് ജനത നേരിട്ട കടുത്ത വരൾച്ച അറേബ്യൻ ചരിത്രം പരാമർശിക്കുന്നുണ്ട്. മേഘങ്ങളുടെ ആഗമനത്തിൽ ആഹ്ലാദിക്കുന്ന ജനങ്ങളെ ഹൂദ് നബി ഉണർത്തി: സഹോദരങ്ങളേ, ഈ മേഘങ്ങൾ കണ്ട് ആഹ്ലാദിക്കേണ്ട. നമുക്ക് മഴ പെയ്യാൻ പോവു

കയല്ല. നിങ്ങൾ കുറെ നാളായല്ലോ, 'എന്നെ നിഷേധിക്കുന്നവരെ ദൈവം ശിക്ഷിക്കുമെങ്കിൽ ആ ശിക്ഷ ഒന്നിങ്ങു വേഗം കൊണ്ടുവന്നാട്ടെ' എന്ന് വെല്ലുവിളിച്ചുകൊണ്ടിരിക്കുന്നു. ഞാൻ താക്കീത് ചെയ്യതും നിങ്ങൾ ധൃതി കൂട്ടിക്കൊണ്ടിരിക്കുന്നതുമായ ആ മഹാവിപത്ത് ആസന്നമായിരിക്കുകയാണിത്. മഴയല്ല, കൊടിയ ദൈവശിക്ഷയാണീ കാറ്റ് നിങ്ങളിൽ വർഷിക്കാൻ പോകുന്നത്.

كَذَٰلِكَ ....... الْمُجْرِمِينَ എന്ന വാക്യം പ്രവാചകനെയും ഖുർആനിനെയും നിഷേധിക്കുന്ന അറബികൾക്കുള്ള താക്കീതാണ്. അതായത്, ഇതൊരു പുരാണ കഥയായി അവഗണിക്കേണ്ട കാര്യമല്ല. മുഹമ്മദ് നബിയെയും വിശുദ്ധ ഖുർആനിനെയും തള്ളിപ്പറയുന്നതു തുടർന്നാൽ നിങ്ങളെയും അല്ലാഹു കൈകാര്യം ചെയ്യുന്നത് ആദ്ജനതയെ കൈകാര്യം ചെയ്തതുപോലെ തന്നെയായിരിക്കും. ●

**കൃഷി യോഗ്യമല്ലാത്ത ഊഷര ഭൂമിയായ മക്കയിൽ നാഗരികത വികസിച്ചിരുന്നില്ല. ജനസംഖ്യ കൊണ്ട് ചെറിയ ഗോത്രമായിരുന്നു. ഭദ്രമായ സാമൂഹിക വ്യവസ്ഥയോ ഭരണകൂടമോ ഉണ്ടായിരുന്നില്ല. ഭൗതിക ശക്തികളാലും വിഭവങ്ങളാലും സമൃദ്ധരായിരുന്ന ആദ്ജനതയെ നാമാവശേഷമാക്കിയ അല്ലാഹുവിന് അതൊന്നുമില്ലാത്ത ഖുറൈശികളെ നശിപ്പിക്കാൻ എന്തു പ്രയാസം!**

وَلَقَدْ مَكَّنَّٰهُمْ فِيمَآ إِن مَّكَّنَّٰكُمْ فِيهِ وَجَعَلْنَا لَهُمْ سَمْعًا وَأَبْصَٰرًا وَأَفْـِٔدَةً فَمَآ أَغْنَىٰ عَنْهُمْ
سَمْعُهُمْ وَلَآ أَبْصَٰرُهُمْ وَلَآ أَفْـِٔدَتُهُم مِّن شَىْءٍ إِذْ كَانُوا۟ يَجْحَدُونَ بِـَٔايَٰتِ ٱللَّهِ وَحَاقَ
بِهِم مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٢٦﴾

*26*

*നാം നിങ്ങൾക്ക് നൽകിയിട്ടില്ലാത്ത പല സൗഭാഗ്യങ്ങളും അവർക്ക് നൽകിയിട്ടുണ്ടായിരുന്നു. അവർക്ക് കേൾവിയും കാഴ്ചയും ചിന്തിക്കുന്ന മനസ്സും ഉണ്ടാക്കിക്കൊടുത്തു. പക്ഷേ, അല്ലാഹുവിന്റെ സൂക്തങ്ങളെ നിഷേധിച്ചതിനാൽ അവരുടെ കേൾവിയും കാഴ്ചയും മനസ്സും ഒരു പ്രയോജനവും ചെയ്തില്ല. അവർ പരിഹസിച്ചിരുന്ന വിപത്തുകൾ തന്നെ അവരെ ഗ്രസിക്കുകയും ചെയ്തു.*

| | |
|---|---|
| നാം അവർക്ക് സൗകര്യപ്പെടുത്തിക്കൊടുത്തു (പല സൗഭാഗ്യങ്ങളും അവർക്ക് നൽകിയിട്ടുണ്ടായിരുന്നു) | وَلَقَدْ مَكَّنَّاهُمْ |
| നാം നിങ്ങൾക്ക് സൗകര്യപ്പെടുത്തിയിട്ടില്ലാത്തതിൽ (നിങ്ങൾക്ക് നൽകിയിട്ടില്ലാത്ത) | فِيمَا إِن مَّكَّنَّاكُمْ فِيهِ |
| നാം അവർക്ക് ഉണ്ടാക്കിക്കൊടുത്തു | وَجَعَلْنَا لَهُمْ |
| കേൾവിയും കാഴ്ചയും ചിന്തിക്കുന്ന മനസ്സും | سَمْعًا وَ أَبْصَارًا وَ أَفْئِدَةً |
| അവർക്ക് പ്രയോജനം ചെയ്തില്ല | فَمَا أَغْنَىٰ عَنْهُمْ |
| അവരുടെ കേൾവി, കാഴ്ചയുമില്ല, ചിന്തിക്കുന്ന മനസ്സുമില്ല | سَمْعُهُمْ وَلَا أَبْصَارُهُمْ وَلَا أَفْئِدَتُهُم |
| യാതൊരു വസ്തുവും (ഒരു) | مِّن شَيْءٍ |
| അവർ അല്ലാഹുവിന്റെ സൂക്തങ്ങളെ നിഷേധിച്ച(തിനാൽ)പ്പോൾ | إِذْ كَانُوا يَجْحَدُونَ بِآيَاتِ اللَّهِ |
| അവരെ വലയം ചെയ്തു (ഗ്രസിച്ചു) | وَحَاقَ بِهِم |
| അവർ പരിഹസിച്ചിരുന്നത് (വിപത്തുകൾ തന്നെ) | مَّا كَانُوا بِهِ يَسْتَهْزِئُونَ |

مَكَّنَّاهُمْ-ന്റെ ആശയം നേരത്തെ 6:6-ന്റെ വിശദീകരണത്തിൽ ഖുർആൻ ബോധനം വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സൂക്തത്തിൽ ഉപയോഗിച്ച അതേ അർഥത്തിലാണ് ഇവിടെയും ഈ പദം ഉപയോഗിച്ചിരിക്കുന്നത്. അതായത്, സാമ്പത്തികവും സൈനികവും രാഷ്ട്രീയവും നാഗരികവുമായ ശക്തികൾ സജ്ജമാക്കുക. ഈ ഗുണങ്ങളെല്ലാം സമൃദ്ധമായിട്ടുള്ളവരായിരുന്നു ആദ്ജനത. ഈ ഗുണങ്ങളിൽ ദേശീയ പ്രഭാവം മാത്രമായിരുന്നു ഖുറൈശികൾക്കുണ്ടായിരുന്ന മികവ്. കഅ്ബയുടെ പരിചാരകർ എന്ന നിലയിൽ മറ്റ് അറബികളുടെ ബഹുമാനത്തിന് പാത്രമായ ഗോത്രമായിരുന്നു ഖുറൈശ്. ആ മികവ് സ്വതന്ത്രമായും നിർഭയമായും വ്യാപാരം നടത്തി സാമ്പത്തിക സുസ്ഥിതി കൈവരിക്കാൻ അവരെ സഹായിച്ചു. കൃഷി യോഗ്യമല്ലാത്ത ഊഷര ഭൂമിയായ മക്കയിൽ നാഗരികത വികസിച്ചിരുന്നില്ല. ജനസംഖ്യകൊണ്ട് ചെറിയ ഗോത്രമായിരുന്നു. ഭദ്രമായ സാമൂഹിക വ്യവസ്ഥയോ ഭരണകൂടമോ ഉണ്ടായിരുന്നില്ല. ഭൗതിക ശക്തികളാലും വിഭവങ്ങളാലും സമൃദ്ധരായിരുന്ന ആദ്ജനതയെ നാമാവശേഷമാക്കിയ അല്ലാഹുവിന് അതൊന്നുമില്ലാത്ത ഖുറൈശികളെ നശിപ്പിക്കാൻ എന്തു പ്രയാസം!

ആദ്ജനതക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങളായി ഇവിടെ എടുത്തുപറയുന്നത് കേൾവിയും കാഴ്ചയും മനസ്സുമാണ്. ചിന്താ ശക്തിയുള്ള മനസ്സായ فؤاد ന്റെ ബഹുവചനമാണ് أفئدة. ഈ ഗുണങ്ങളൊന്നും ആ ജനതക്കു മാത്രം ഉള്ളതല്ല. സാധാരണ മനുഷ്യർക്കെല്ലാം അതുണ്ട്. ഇന്ദ്രിയ ശക്തികളും ബുദ്ധിയും നാഗരിക നേട്ടങ്ങൾക്കായി നന്നായി പ്രയോജനപ്പെടുത്തിയ അവർ ഭൗതികമായ വികസനങ്ങളും പേരും പെരുമയും നേടി എന്ന് സൂചിപ്പിക്കുകയാണിവിടെ. അതേസമയം ദൈവം കനിഞ്ഞരുളിയ ഇന്ദ്രിയ ഗുണങ്ങളും ചിന്താശക്തിയും, ആത്മീയ യാഥാർഥ്യങ്ങളും ധാർമിക മൂല്യങ്ങളും കണ്ടെത്തുന്നതിലും, ധാർമികമായും സദാചാരപരമായും ജീവിതം സംസ്കരിക്കുന്നതിലും അവർ ഒട്ടും പ്രയോജനപ്പെടുത്തിയില്ല. ജ്ഞാനേന്ദ്രിയങ്ങൾകൊണ്ടും ബുദ്ധികൊണ്ടും ജീവിതത്തിന്റെ ഭൗതികവശം മാത്രമേ അവർ കണ്ടുള്ളൂ; ആത്മീയാർഥങ്ങൾ കണ്ടില്ല. അതു കാണാനുള്ള വെളിച്ചം കിട്ടേണ്ടത് ദൈവവിചാരത്തിൽനിന്നും വേദസൂക്തങ്ങളിൽനിന്നുമാകുന്നു. വേദസൂക്തങ്ങൾ നിഷേധിക്കുന്നവർ ആത്മീയ സത്യങ്ങളിലേക്ക് നയിക്കുന്ന വെളിച്ചം സ്വയം കെടുത്തുകയാണ്. പിന്നെ അവരുടെ ജ്ഞാനേന്ദ്രിയങ്ങൾ പദാർഥങ്ങളിൽ പരിമിതമാകുന്നു. പദാർഥാതീതമായതൊന്നും അംഗീകരിക്കാനേ അവർക്കാവില്ല. കണ്ണുണ്ടായിട്ടും കാണാത്തവർ കാതുണ്ടായിട്ടും കേൾക്കാത്തവർ, മനസ്സുണ്ടായിട്ടും ഗ്രഹിക്കാത്തവർ- لَهُمْ قُلُوبٌ لَّا يَفْقَهُونَ بِهَا وَلَهُمْ أَعْيُنٌ لَّا يُبْصِرُونَ بِهَا وَلَهُمْ آذَانٌ لَّا يَسْمَعُونَ بِهَا -എന്നാണ് ഖുർആൻ അവരെ വിശേഷിപ്പിക്കുന്നത്. അത്തരം ഭൗതിക പ്രമത്തരെ, അവർ പരിഹസിച്ചു തള്ളുന്ന വിപത്തുകൾ വലയം ചെയ്തിരിക്കുന്നു. ●

**ആദുവംശത്തിന്റെ നാഗരിക നിർമിതികളെയെല്ലാം ആ കാറ്റ് തകർത്ത് തരിപ്പണമാക്കി. അവർ വസിച്ച സ്ഥലമല്ലാതൊന്നും അവിടെ കാണപ്പെടാതായി. കെട്ടിടങ്ങളും മറ്റു സകല നിർമിതികളും തകർന്നുവീണ് മണ്ണിനടിയിലേക്ക് ആണ്ടുപോയി.**

وَلَقَدْ أَهْلَكْنَا مَا حَوْلَكُم مِّنَ ٱلْقُرَىٰ وَصَرَّفْنَا ٱلْأَيَٰتِ لَعَلَّهُمْ يَرْجِعُونَ ﴿٢٧﴾

*27*

*നിങ്ങൾക്ക് ചുറ്റും ഉണ്ടായിരുന്ന പല നാടുകളെ തീർച്ചയായും നാം ഉന്മൂലനം ചെയ്തിരിക്കുന്നു. നാം അവരെ ധർമ സൂക്തങ്ങൾ പലവട്ടം ബഹുവിധം ഉദ്ബോധിപ്പിച്ചതായിരുന്നു; അവർ സത്യത്തിലേക്ക് തിരിച്ചുവരാൻ.*

| | |
|---|---|
| തീർച്ചയായും നാം നശിപ്പിച്ചു (ഉന്മൂലനം ചെയ്തിരിക്കുന്നു) | وَلَقَدْ أَهْلَكْنَا |
| നിങ്ങൾക്ക് ചുറ്റും ഉള്ളതിനെ (ഉണ്ടായിരുന്ന) | مَا حَوْلَكُم |
| നാടുകളാൽ (പല നാടുകളെ) | مِّنَ الْقُرَىٰ |
| നാം (അവരെ) സൂക്തങ്ങൾ (പല വട്ടം) ബഹുവിധമാക്കി (ഉപദേശിച്ചതായിരുന്നു) | وَصَرَّفْنَا الْآيَاتِ |
| അവർ (സത്യത്തിലേക്ക്) തിരിച്ചുവരാൻ | لَعَلَّهُمْ يَرْجِعُونَ |

ഖുറൈശികളെ നേരിട്ട് സംബോധന ചെയ്തുകൊണ്ട് പറയുകയാണ്. ആദ്ജനത നശീകൃത സമൂഹത്തിന്റെ ഒറ്റപ്പെട്ട ഉദാഹരണമല്ല. പ്രവാചകന്മാരെയും ദൈവിക ശാസനകളെയും തള്ളിക്കളഞ്ഞ് അസത്യത്തിലും അനാചാരങ്ങളിലും വിഹരിച്ച പല സമൂഹങ്ങൾ നിങ്ങളുടെ പരിസര പ്രദേശങ്ങളിൽ ഉണ്ടായിരുന്നു. സമൂദ് ഗോത്രം, അസ്ഹാബുൽ ഐക്കഃ, ലൂത്വ് ജനത, സബഉകാർ തുടങ്ങി അവരിൽ പലരും നിങ്ങൾക്ക് സുപരിചിതരാണ്. നിങ്ങളുടെ സാർഥവാഹക സംഘങ്ങൾ ആ നശീകൃത നാടുകളുടെ അവശിഷ്ടങ്ങളിലൂടെ സഞ്ചരിക്കാറുള്ളതാണല്ലോ.

തിരിച്ചു മറിക്കലും വൈവിധ്യവൽക്കരിക്കലുമാണ് تصريف. അതിൽനിന്നുള്ള ഭൂതകാല ക്രിയാവചനമാണ് صَرَّفْنَا. വസ്തുക്കളിലുള്ള تصريف ഒന്ന് മറ്റൊന്നാക്കി മാറ്റലാണ്. ഉദാ: സ്വർണം വെള്ളിയാക്കിയും രൂപ ഡോളറാക്കിയും മാറ്റൽ. നാണയങ്ങൾ മാറ്റിക്കൊടുക്കുന്ന ഏജൻസി صرّاف (സറാഫ്) ആണ്. ഒരു വിഷയം പലവിധത്തിൽ വിശദീകരിക്കലാണ് ആശയപരമായ تصريف. അറബി ഭാഷയിൽ ക്രിയാപദങ്ങളെ അർഥ വ്യത്യാസത്തിനു വേണ്ടി പല രൂപത്തിലാക്കി മാറ്റൽ صرْف ആണ്. നശിപ്പിക്കപ്പെട്ട സമുദായങ്ങൾക്ക് നാശത്തിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹു അവന്റെ ധർമ സൂക്തങ്ങൾ പല രൂപത്തിൽ വിശദീകരിച്ചുകൊടുത്തിട്ടുണ്ടായിരുന്നു എന്നാണ് صَرَّفْنَا الْآيَاتِ لَعَلَّهُمْ يَرْجِعُونَ-ന്റെ താൽപര്യം. പക്ഷേ, ഒന്നും അവർ ഗൗരവത്തിലെടുത്തില്ല. അങ്ങനെ മഹാ നാശത്തിലേക്ക് സ്വയം നടന്നുചെല്ലുകയായിരുന്നു. ●

**കഅ്ബയുടെ പരിചാരകർ എന്ന നിലയിൽ മറ്റ് അറബികളുടെ ബഹുമാനത്തിന് പാത്രമായ ഗോത്രമായിരുന്നു ഖുറൈശ്. ആ മികവ് സ്വതന്ത്രമായും നിർഭയമായും വ്യാപാരം നടത്തി സാമ്പത്തിക സുസ്ഥിതി കൈവരിക്കാൻ അവരെ സഹായിച്ചു.**